പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 712 — 08.01.2014-ൽ മറുപടി നൽകേണ്ടിയിരുന്നത്

## ദേശീയ നഗര ആരോഗ്യ ദൗത്യം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് :<br>,, സണ്ണി ജോസഫ് :<br>,, ബെന്നി ബെഹനാൻ :<br>,, വർക്കല കഹാർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ദേശീയ നഗര ആരോഗ്യ ദൗത്യം പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ ;<br><br>(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (എ)<br>(ബി) ഉണ്ട്. താഴെ പറയുന്ന ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്.<br>1. നഗരപ്രദേശങ്ങളിൽ അധിവസിക്കുന്ന പാവപ്പെട്ടവർക്കും പാർശ്വവത്കരിക്കപ്പെട്ടവർക്കും, വിശിഷ്യ ചേരിപ്രദേശങ്ങളിലെ ജനങ്ങൾക്കും ഏറ്റവും മികച്ച ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുക.<br>2. നിലവിലുള്ള ആരോഗ്യ കേന്ദ്രങ്ങൾ പുനരുദ്ധരിച്ചുകൊണ്ട് നഗരപ്രദേശങ്ങളിലെ ജനങ്ങൾക്ക് മെച്ചപ്പെട്ട ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുക.<br>3. സാംക്രമിക രോഗങ്ങൾ പ്രതിരോധിക്കുകയും, ആരോഗ്യത്തിന്റെ അടിസ്ഥാന ഘടകങ്ങളായ കുടിവെള്ളം, ശുചീകരണം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയവ ശാക്തീകരിക്കുക.<br>4. അന്യ സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ, കൗമാരക്കാരുടെ ആരോഗ്യ പ്രശ്നങ്ങൾ എന്നിവ പരിഹരിക്കുന്നതിനും ജീവിതശൈലീരോഗങ്ങൾ തടയുന്നതിനു മായുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക. |
| (സി) ആരെല്ലാം മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ; | (സി) ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെയും നഗരകാര്യ വികസന വകുപ്പിന്റെയും മേൽനോട്ടത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ്, സാമൂഹിക നീതി വകുപ്പ്, തൊഴിൽ വകുപ്പ്, വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചു കൊണ്ടാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |

(....2)

| | |
|---|---|
| (ഡി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് പദ്ധതിക്ക് ലഭിക്കുന്നത് ; വിശദമാക്കാമോ ? | (ഡി) കേരളത്തിലെ 10 മുനിസിപ്പാലിറ്റികളിലേക്കും, 5 കോർപ്പറേഷനുകളിലേക്കുമായി പദ്ധതി നടത്തിപ്പിന് 51.11 കോടി രൂപയുടെ പദ്ധതി നിർവ്വഹണ രൂപരേഖ കേന്ദ്ര സർക്കാരിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ